I/109850/2022

"ഭരണഭാഷ - മാതൃഭാഷ"

DSLR/1296/2022-A4Part(1)

സർവ്വെയുംഭൂരേഖയുംവകുപ്പ്
ഡയറക്ടറുടെ കാര്യാലയം
വഴുതക്കാട്, തിരുവനന്തപുരം-14
Ph:0471-2325266,Fax:2338210
Email:dir-tvm.syr@kerala.gov.in
തീയതി:**16-12-2022**

**<u>അറിയിപ്പ്</u>**

വിഷയം : സർവ്വെയും ഭൂരേഖയും വകുപ്പ് - ഓൺലൈൻ പൊതുസ്ഥലംമാറ്റം - 2022 - പരിഷ്കരിച്ച മാനദണ്ഡങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. 17/09/2022 ലെ (റവ) ഇ.1/209/2022-റവ. നമ്പർ സർക്കാർ കത്ത്
2. 21-10-2021 ലെ (സാധാ) 155/2021/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
3. ഈ കാര്യാലയത്തിലെ 02/04/2022 തീയതിയിലെ ഇതേ നമ്പർ പരിപത്രം
4. അംഗീകൃത സർവ്വീസ് സംഘടനാ പ്രതിനിധികളുമായി 20.06.2022 ന് 3 pm ന് നടന്ന യോഗം

*************

എല്ലാ സർക്കാർ വകുപ്പുകളിലെയും പൊതുസ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായത്തിൽ കൂടി മാത്രം നടത്തുന്നതിന് മേൽ സൂചന (2) പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ സർവ്വെയും ഭൂരേഖയും വകുപ്പിൽ സി-ഡിറ്റ് മുഖേന ലഭ്യമാക്കിയിട്ടുള്ള HRMS സോഫ്റ്റ് വെയർ മുഖാന്തിരം പൊതുസ്ഥലംമാറ്റം നടത്തുന്നതിലേക്ക് സൂചന (3) പ്രകാരം പരിപത്രം പുറപ്പെടുവിച്ച് വകുപ്പിന് കീഴിലെ എല്ലാ കാര്യാലയങ്ങൾക്കും ലഭ്യമാക്കിയിട്ടുള്ളതാണ്.

മേൽ സൂചന (1) സർക്കാർ കത്ത് പ്രകാരം, പൊതുസ്ഥലംമാറ്റത്തിനായി നിലവിലുള്ള മാനദണ്ഡങ്ങളിൽ വേണ്ട ഭേദഗതി സംബന്ധിച്ചും, നൂതനമായി ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ സംബന്ധിച്ചും ജീവനക്കാരിൽ നിന്നും, അംഗീകൃത സർവ്വീസ് സംഘടനകളിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനും അപ്രകാരം പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ കരട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും വീക്ഷിച്ച് ഗൂഗിൾ ഫോം മുഖേന അഭിപ്രായം രേഖപ്പെടുത്തേണ്ടതും ആവശ്യമായ ഭേദഗതി നിർദ്ദേശിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

**Signed by Priya I Nair**
**Date: 16-12-2022 10:36:18**

PRIYA I NAIR
സർവ്വേ ഡയറക്ടർക്ക് വേണ്ടി
ASSISTANT SECRETARY

സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള പൊതു മാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിച്ച് ഉത്തരവാകുന്നതിന് താഴെ പറയും പ്രകാരം ശുപാർശ സമർപ്പിക്കുന്നു.

പരാമർശം.

1. 25/02/2017 ലെ (പി) 3/2017/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
2. 24/04/2017 ലെ (അച്ചടി) 5/2017/ ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
3. 29/08/2017 ലെ (എം.എസ്) 18/2017/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
4. 03/02/2021 ലെ (കൈ) 2/2021/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
5. 21-10-2021 ലെ (സാധാ) 155/2021/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്

1. സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം എല്ലാ വർഷവും ഏപ്രിൽ 30 നുള്ളിൽ പൂർത്തീകരിച്ചിരിക്കേണ്ടതാണ്.

2.സ്ഥലംമാറ്റം ആവശ്യമുള്ള എല്ലാ ജീവനക്കാരും esurvey.dslr.kerala.gov.in എന്ന വെബ് പോർട്ടലിൽ തങ്ങളുടെ ഔദ്യോഗിക ലോഗിനിൽ എല്ലാ വർഷവും ഫെബ്രുവരി 1 മുതൽ 28 വരെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫെബ്രുവരി 28 ന് നിലവിലെ ജില്ലയിൽ/അവസാന സ്ഥലംമാറ്റം മുതൽ സ്വന്തം ജില്ല വിട്ട് മൂന്ന് വർഷം സേവനം പൂർത്തിയാകുന്ന ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്ത് കരട് മുൻഗണനാ പട്ടിക തയ്യാറാക്കി നോട്ടീസ് ബോർഡ്, ഔദ്യാഗിക വെബ് സൈറ്റ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

3 ഒരു സ്റ്റേഷനിൽ നിന്നും മറ്റൊരു സ്റ്റേഷനിലേക്കുള്ള സ്ഥലംമാറ്റങ്ങൾക്ക് ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ഓഫീസ് മേലധികാരി പരിശോധിച്ച് സർവ്വെ ഡയറക്ടർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. സ്റ്റഷൻ എന്നത് ജില്ലയായി നിശ്ചയിക്കുന്നു.

4. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഓരോ സ്റ്റേഷനിലേയും ഒഴിവുകൾക്കനുസൃതമായി പ്രത്യേകം കരട് പട്ടിക തയ്യാറാക്കി നോട്ടീസ് ബോർഡ്, ഔദ്യാഗിക വെബ് സൈറ്റ് എന്നിവിടങ്ങളിൽ മാർച്ച് 15 നകം പ്രസിദ്ധീകരിക്കേണ്ടതാണ്.

5. കരട് പട്ടികയിൽ ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് പതിനഞ്ച് ദിവസങ്ങൾക്കകം അവരവരുടെ ലോഗിനിൽ കൂടി മാത്രം സമർപ്പിക്കുന്നതിന് സൌകര്യം ഒരുക്കേണ്ടതും, അപ്രകാരമുള്ള തിരുത്തലുകൾ മേലധികാരി പരിശോധിച്ച് അർഹതയുള്ളവ ശുപാർശ ചെയ്യേണ്ടതുമാണ്.

6. ആക്ഷേപങ്ങൾ പരിശോധിച്ച് അവ തീർപ്പാക്കിയ ശേഷം അന്തിമ പട്ടിക സ്ഥലംമാറ്റം നടത്തുന്ന അധികാര സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡ് , ഔദ്യാഗിക വെബ് സൈറ്റ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

7. വിരമിക്കൽ മൂലമോ തസ്തിക രൂപീകരണം വഴിയോ എല്ലാ വർഷവും ജൂൺ മാസം മുതൽ തുടർന്ന് ഉണ്ടാകുന്ന ഒഴിവുകൾ ഖണ്ഡിക 6 പ്രകാരമുള്ള പട്ടികയിൽ നിന്നും സീനിയോരിറ്റി

ക്രമത്തിൽ നികത്തിയ ശേഷം മാത്രമായിരിക്കും സ്ഥാനക്കയറ്റം മൂലം ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നത്.

8. ഒന്നാം ഓപ്ഷനായി തെരഞ്ഞെടുത്ത സ്റ്റേഷനിൽ മൂന്നു വർഷം പൂർത്തിയാകാത്ത ജീവനക്കാരെ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ അല്ലെങ്കിൽ മെയ് 31 വരെയോ സ്ഥലം മാറ്റാൻ പാടില്ല . എന്നാൽ അച്ചടക്ക നടപടി, വിജിലൻസ് അന്വേഷണം അനുകമ്പാർഹമായ കാരണങ്ങൾ എന്നിവ മൂലം സ്ഥലംമാറ്റുന്നതിന് മൂന്ന് വർഷ കാലാവധി ബാധകമായിരിക്കുന്നതല്ല. എന്നാൽ അനുകമ്പാർഹമായ അപേക്ഷകൾ പരിഗണിക്കുമ്പോൾ ആവശ്യമെങ്കിൽ മെഡിക്കൽ ബോർഡിന്റെ അഭിപ്രായം തേടാവുന്നതാണ്. ( അനുകമ്പാർഹമായ കാരണങ്ങൾ (ഗുരുതരമായ രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും, കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ).

9. ഒരു സ്റ്റേഷനിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയായി എന്ന കാരണത്താൽ ഒരു ജീവനക്കാരനെ സ്റ്റേഷൻവിട്ട് സ്ഥലംമാറ്റേണ്ടതില്ല, എന്നാൽ ഒരേ കാര്യാലയത്തിൽ മൂന്ന് വർഷം പൂർത്തിയായാൽ നിർബന്ധമായും ഓഫീസ് മാറ്റം നൽകേണ്ടതാണ്.

10. പൊതു താല്പര്യത്തിന് വിധേയമായി ഒരു ജീവനക്കാരനെ സ്ഥലം മാറ്റേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യമുള്ള പക്ഷം പ്രസ്തുത ജീവനക്കാരനെ ഉടനെ തന്നെ സ്ഥലംമാറ്റാവുന്നതാണ്. പൊതുതാല്പര്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും സ്ഥലംമാറ്റം അനിവാര്യമാകുന്ന എന്നതാണ്.

11. ഒരാൾക്ക് അയാളുടെ രണ്ടാമത്തെയോ, മൂന്നാമത്തെയോ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലമാറ്റം കിട്ടുമ്പോൾ അയാളുടെ ഒന്നാമത്തെയും, രണ്ടാമത്തെയും ഓപ്ഷൻ റദ്ദ് ചെയ്യാതെ തന്നെ അടുത്ത പൊതുസ്ഥലംമാറ്റ ഉത്തരവിനിടയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിലവിലുള്ള ഓപ്ഷൻ പരിഗണിച്ച് സ്ഥലമാറ്റം നൽകേണ്ടതാണ്. എന്നാൽ രണ്ടാമത്തെയോ, മൂന്നാമത്തെയോ സ്ഥലംമാറ്റം ലഭിക്കുന്ന വ്യക്തിക്ക് ടിയാന്റെ ഇഷ്ടാനുസരണം ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും, അപ്രകാരം റദ്ദ് ചെയ്താൽ അടുത്ത മൂന്നു വർഷം കഴിഞ്ഞു മാത്രമേ ടി സ്റ്റേഷനിൽ നിന്നുള്ള മാറ്റത്തിനായി പരിഗണിക്കപ്പെടുകയുള്ളു.

12. ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ ഓപ്റ്റ് ചെയ്യുമ്പോൾ സ്റ്റേഷൻ സീനിയറായ വ്യക്തിയെ ഒന്നാമതായി പരിഗണിക്കേണ്ടതാണ്. ജീവനക്കാരന്റെ /ജീവനക്കാരിയുടെ ഒന്നാം ഓപ്ഷൻ പ്രകാരം സ്ഥലംമാറ്റം ലഭിക്കുന്നവർ അവിടെ ഏറ്റവും കുറഞ്ഞത് മൂന്ന് വർഷക്കാലം ജോലി ചെയ്യേണ്ടതാണ്.

13. ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലമാറ്റം ചെയ്യപ്പെട്ടവർക്കും ഒരു വർഷം പൂർത്തിയാകുമ്പോൾ സ്ഥലംമാറ്റത്തിന് ഓപ്ഷൻ നൽകാവുന്നതാണ്. എന്നാൽ അവരുടെ

ഓപ്ഷൻ യാതൊരു അവകാശവാദങ്ങളുമില്ലാത്ത ഓപ്പൺ വേക്കൻസിക്കെതിരെ മാത്രവും, അത്തരം സ്ഥലമാറ്റം ഏതെങ്കിലും നിർബന്ധിത സ്ഥലമാറ്റം അനിവാര്യമാക്കപ്പെടുന്നതല്ലാത്തതിനും മാത്രമാണ് പരിഗണിക്കേണ്ടത്.

14. ഡെപ്യൂട്ടേഷൻ കാലയളവ് (കേരള സർവ്വീസ് ചട്ടങ്ങളിൽ നിർവചിക്കപ്പെട്ട പ്രകാരമുള്ള ഫോറിൻ സർവ്വീസ് /പഠനാവശ്യത്തിനായുള്ള അവധി എന്നിവ) സ്ഥലമാറ്റിത്തിന് വേണ്ടി അർഹതയുള്ള കാലവധിയായി പരിഗണിക്കുന്നതല്ല.

15. പരസ്പര മാറ്റത്തിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

16. ജീവനക്കാരന്റെ ബന്ധുക്കളോ, ആശ്രിതരോ മറ്റാരെങ്കിലുമോ സമർപ്പിക്കുന്ന അപേക്ഷകൾ ഉടൻ തന്നെ നിരസിക്കേണ്ടതാണ്.

17. ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ ഒരു വർഷം മാത്രമുള്ള ജീവനക്കാരെ ആദ്യം വിരമിക്കേണ്ടവർക്ക് മുൻഗണന നൽകികൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനുകളിലെ ഒഴിവുകളിൽ നിയമിക്കേണ്ടതാണ്. ഇത്തരം കേസുകളിൽ ഒന്നിലധികം പേർ ഒരേ സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുമ്പോൾ സർവ്വീസിൽ സീനിയറായിട്ടുള്ള ഉദ്യോഗസ്ഥനാണ് മുൻഗണന നൽകേണ്ടത്.

1 8 . ഒഴിവുകളിലേയ്ക്കുള്ള സ്ഥലംമാറ്റത്തിനും, നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പരിരക്ഷിക്കപ്പെട്ട പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്തേണ്ടതാണ്. മുൻഗണനാ പ്രകാരമുള്ള സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20% ത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്, പരിരക്ഷിക്കപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും മൊത്തം ശതമാനം സ്ഥലംമാറ്റത്തിനു വേണ്ടിയുള്ള ഒഴിവുകളുടെ മൊത്തം സംഖ്യാബലത്തിന്റെ പരമാവധി 30 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. (പ്രഥമ ഗണനീയരോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങളുടെ പട്ടിക 25/02/2017 ലെ (പി) നം.3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധം ആയി ചേർത്തിട്ടുണ്ട്)

19. പൊതുസ്ഥലംമാറ്റം അനുവദിക്കുമ്പോൾ നിലവിലുള്ള 10 ഒഴിവുകളിൽ 03 ഒഴിവുകൾ അനുകമ്പാർഹ വിഭാഗം, പ്രത്യേക മുൻഗണനാ വിഭാഗം, റിട്ടയർമെന്റ് മുൻഗണനാ വിഭാഗം എന്നിവർക്കായി മാറ്റിവയ്ക്കേണ്ടതാണ്. അതായത് സ്ഥലംമാറ്റം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന എല്ലാ 10 ഒഴിവുകളിലേയും 1,2,3,6,8,9,10 എന്നീ നമ്പറുകളിലെ ഒഴിവുകൾ പൊതു വിഭാഗത്തിനും ക്രമനമ്പർ 04 അനുകമ്പാർഹ വിഭാഗത്തിനും, ക്രമനമ്പർ 05 റിട്ടയർമെന്റ് മുൻഗണനാ വിഭാഗത്തിനും ക്രമനമ്പർ 07 പ്രത്യേക മുൻഗണനാ വിഭാഗത്തിനുമായി മാറ്റിവയ്ക്കേണ്ടതുമാണ്. ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിൽ നിന്നുള്ള അർഹരായ അപേക്ഷകൾ ഇല്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ പൊതുവിഭാഗത്തിൽ നിന്നും നികത്തേണ്ടതാണ്.

20. ഓപ്ഷൻ, നിർബന്ധിത, അനുകമ്പാർഹം, പൊതുതാല്പര്യാർത്ഥം മുതലായവ മുഖേനയുള്ള സ്ഥലംമാറ്റത്തിന്റെ സ്വഭാവം സ്ഥലംമാറ്റ ഉത്തരവിൽ കാണിച്ചിരിക്കേണ്ടതാണ്.

21. സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരൻ നിയമിക്കപ്പെട്ട സ്റ്റേഷനിൽ ജോലിയിൽ പ്രവേശിക്കുന്നത് സ്ഥലംമാറ്റ ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകമാണെങ്കിൽ ഉത്തരവ് തീയതി മുതൽ നിയമിക്കപ്പെട്ട സ്റ്റേഷനിലെ സീനിയോറിറ്റി കണക്കാക്കുന്നതാണ്. മുൻകൂർ അനുമതി വാങ്ങാതെ 30 ദിവസത്തിന് ശേഷമാണ് ജോലിയിൽ പ്രവേശിക്കുന്നത് എങ്കിൽ ടി ജീവനക്കാരൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ആയിരിക്കും സീനിയോറിറ്റി കണക്കാക്കുന്നത്.

22. സർവ്വെയും ഭൂരേഖയും വകുപ്പിൽ ജോലിക്രമീകരണ വ്യവസ്ഥ അനുവദിച്ചിട്ടില്ലെങ്കിലും വകുപ്പിന്റെ വിവിധ പദ്ധതികളിലും ട്രെയിനിംഗ് സ്കൂളുകളിലും തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ഇപ്രകാരം ആവശ്യമുള്ള/ യോഗ്യരായ ജീവനക്കാരെ കഴിയുന്നതും ഒഴിവുകൾ നിലവിലുള്ള ജില്ലകളിൽ നിന്നും നിയോഗിക്കുന്നതിനും, അപ്രകാരം ജീവനക്കാരെ ലഭ്യമല്ലാതെ വരികയാണെങ്കിൽ പൊതുസ്ഥലംമാറ്റത്തിനുള്ള സ്റ്റേഷൻ സീനിയോറിറ്റി പ്രകാരമുള്ള ക്യൂ ലിസ്റ്റിൽ നിന്നും നിയോഗിക്കേണ്ടതുമാണ്.

മേൽ ഭേദഗതികളോടെ പരാമർശം സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ ബാധകമാക്കുന്നു.

ഒപ്പ്//
സർവ്വെ ഡയറക്ടർ

അംഗീകാരത്തോടെ
10.6.22
സീനിയർ സൂപ്രണ്ട്